പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1935 26-10-2026-ൽ മറുപടിയ്ക്ക്

ശബരിമലക്ഷേത്രത്തിലെ സ്വർണ്ണക്കിരീടം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ബി. ബി. ഗോപകുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ശബരിമല ക്ഷേത്രത്തിലേക്ക് തമിഴ്നാട് സ്വദേശിയായ ഭക്തൻ സമർപ്പിച്ച 55.75 പവൻ തൂക്കമുള്ള സ്വർണക്കിരീടം മോഷണം പോയതായി കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത കിരീടത്തിന് പകരം വ്യാജ കിരീടം സ്ഥാപിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

മറുപടി: ശബരിമലയിലെ സ്വർണ്ണ കിരീടം മോഷണം പോയെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ തിരുവാഭരണം കമ്മീഷണർ നടത്തിയ പരിശോധനയിൽ കിരീടം സുരക്ഷിതമാണെന്ന് കണ്ടെത്തിയിട്ടുള്ളതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) ശബരിമലയിൽ ലേലത്തിലൂടെ കടകൾ ഏറ്റെടുത്ത് നടത്തുന്ന എല്ലാ ലൈസൻസികളും തങ്ങളുടെ കടകൾക്ക് മുന്നിൽ ലൈസൻസിയുടെ പേരും ഫോൺ നമ്പറും വ്യക്തമായി പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: ശബരിമലയിലെ കടകളുടെ തൻ വർഷത്തെ കുത്തകലേലവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ലേലനിബന്ധനകളിലെ ഖണ്ഡിക 22-ൽ ലൈസൻസിയുടെ പേരും ഫോൺ നമ്പരും വ്യക്തമായി പ്രദർശിപ്പിക്കണമെന്നുള്ള നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ശബരിമലയിലെ അപ്പം, അരവണ എന്നിവയുടെ നിർമാണത്തിന് ഹലാൽ മുദ്രയുള്ള ശർക്കരയുടെ ഉപയോഗം ഒഴിവാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പകരം ശർക്കര എവിടെനിന്ന് സംഭരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

മറുപടി: തൻ വർഷത്തെ അരവണ നിർമാണത്തിനുള്ള ശർക്കരപ്പൊടിയുടെ വിതരണത്തിനുള്ള അവകാശം M/S Shree Annapporna Sugar & Jaggery Works

Ltd, Kagal, Kolhapur എന്ന സ്ഥാപനത്തിനാണ് ഈ-ടെൻഡറിലൂടെ അനുവദിച്ച് നല്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ